**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 148** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ക്ഷീരമേഖല നവീകരിക്കാൻ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. എം. എം. നസീർ

ശ്രീമതി രമ്യ ഹരിദാസ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ബിന്ദു കൃഷ്ണ

(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് പ്രാദേശികമായി വിവിധ കർഷകർ ഉൽപാദിപ്പിക്കുന്ന പാലുൽപന്നങ്ങൾക്ക് കേന്ദ്രീകൃത രീതിയിലുള്ള വിപണന സൗകര്യം ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കേരളത്തിൽ ക്ഷീരമേഖല പ്രധാനമയും സഹകരണ മേഖലയെ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ വിവിധ ക്ഷീര സഹകരണ സംഘങ്ങൾ, മേഖലാ യൂണിയനുകൾ, കൂടാതെ MILMA എന്നിവ മുഖേന കർഷകർ ഉൽപാദിപ്പിക്കുന്ന പാലും പാലുൽപന്നങ്ങളും ശേഖരിക്കുകയും സംസ്കരിക്കുകയു ം വിപണനം നടത്തുകയും ചെയ്യുന്ന സംവിധാനമാണ് നിലവിലുള്ളത്.കർഷകർ ഉൽപാദിപ്പിക്കുന്ന പാലു ൽപന്നങ്ങൾക്ക് കേന്ദ്രീകൃത രീതിയിലുള്ള വിപണന സൗകര്യം ഒരുക്കുവാൻ നിലവിൽ പദ്ധതികളില്ല.

**(ബി)** തരിശിടങ്ങളിൽ തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കാനും അതിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാനും നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** തരിശു ഭൂമിയിൽ തീറ്റപ്പുൽകൃഷി പ്ര ാ ത്സാഹിപ്പിക്കുന്നതിനായി ക്ഷീര വികസന വകുപ്പിൻ്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി "തരിശുഭൂമ ി യിൽ തീറ്റപ്പുൽ കൃഷി" പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതിക്കായി ഒരു ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് ഒരു യൂണിറ്റിന് 1.05 ലക്ഷം രൂപ ധനസഹായമായി നൽകി വരുന്നുണ്ട്. 2017-18 ൽ ആരംഭിച്ച ടി പദ്ധതി മുഖേന മുൻ വർഷം വരെ 200 ഹെക്ടർ സ്ഥലത്ത് - തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

കൂടാതെ തീറ്റപ്പുല്ലിൽ നിന്നും മൂല്യവർദ്ധിത ഉത് പന്നങ്ങളായ സൈലേജ്, ഹേ എന്നിവ നിർമ്മിക്കുന്നതി നുള്ള പരിശീലനങ്ങൾ ക്ഷീര പരിശീലന കേന്ദ്രങ്ങൾ വഴിയും നൽകി വരുന്നുണ്ട്.

കേരള ഫീഡ്സിന്റെ വിവിധ യൂണിറ്റുകളിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ, തീറ്റ പുൽകൃഷി ചെയ്യു ന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**(സി)** ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന കന്നുകാലികളെ ചെക്ക് പോസ്റ്റുകളിൽ പരിശോധിച്ച് അസുഖമുള്ളവയെ തിരിച്ചയക്കാൻ നടപടി ഉണ്ടാകുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള റിന്റെർപെസ്റ്റ് ചെക്ക് പോസ്റ്റിൽ കന്നുകാലികളുമായി വരുന്ന വണ്ടി കൾ പരിശോധിക്കുമ്പോൾ അസുഖമുള്ള/ ആരോഗ്യ പ്രശ്നങ്ങൾ ഉള്ള ഉരുക്കൾ ഉള്ളതായി ബോദ്ധ്യപ്പെട്ടാൽ ടി വാഹനം തിരിച്ചയച്ചുവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**